# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 21** **04/06/2025**

# ആരാധനക്രമ ആധ്യാത്മികതയുടെ ലക്ഷ്യം നമ്മുടെ ദൈവീകരണം

*'"ദൈവവചനം ആരുടെ അടുത്തേക്ക് വന്നുവോ*
*അവരെ ദൈവങ്ങൾ എന്ന് അവൻ വിളിച്ചു" (യോഹ 10:35).*

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ യൗസേപ്പ് സ്രാമ്പിക്കൽ തന്റെ രൂപതയിലെ വൈദികർക്കും മ്ശംശാനാമാർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

മിശിഹായുടെ മനുഷ്യാവതാരത്തിന്റെ രണ്ടായിരത്തി ഇരുപത്തിയഞ്ചാമാണ്ട് പ്രത്യാശയുടെ ജൂബിലി വർഷമായി കത്തോലിക്കാസഭ ആചരിക്കുമ്പോൾ, അതിന്റെ ചൈതന്യത്തിൽ, 'ഖുദ്ശാ ല് ഖന്തീശേ' (The Holy to the Holy Ones) 'പരിശുദ്ധൻ പരിശുദ്ധർക്ക്' എന്ന രണ്ടാം അജപാലന പഞ്ചവത്സരപദ്ധതിയുടെ മൂന്നാം വർഷം ആധ്യാത്മികതാവർഷമായിക്കൂടി ആചരിച്ച്, പൗരസ്ത്യ ആധ്യാത്മികതയുടെ മണിമുത്തുകൾ നമ്മുടെ വ്യക്തിജീവിതത്തിലും സഭാജീവിതത്തിലും സ്വാംശീകരിക്കുവാൻ നമ്മൾ പരിശ്രമിച്ചുവരികയാണല്ലോ. നമ്മുടെ ആധ്യാത്മികതയുടെ ലക്ഷ്യം ദൈവീകരണമാണ് (Theosis or Deification). സുറിയാനിഭാഷയിൽ ഈ ദൈവീകരണപ്രക്രിയ 'മെസ് ആലാഹാനൂസാ' (ദൈവത്തെപ്പോലെ അഥവാ ആലാഹായെപ്പോലെയായിത്തീരുക) എന്നാണ് വിശേഷിക്കപ്പെടുന്നത്. അതായത്, തന്റെ ദൈവികത നമുക്കു സമ്മാനിച്ച് നമ്മിൽനിന്നും മനുഷ്യത്വം സ്വീകരിച്ച (മാർ അപ്രേം, വിശ്വാസഗീതം 5:17) മിശിഹായുടെ ജീവനിൽ പങ്കുകാരായി അവന്റെ ശരീരമായി നാം പരിണമിക്കുന്ന വിസ്മയനീയ രഹസ്യമാണത്. ഉത്ഥിതനും സ്വർഗ്ഗാരോഹിതനുമായ മിശിഹായുടെ ശരീരം ഇന്നു സഭയാണ്. അതുകൊണ്ട് നാം സഭയിൽ, സഭയ്ക്കു വേണ്ടി ജീവിച്ച്, സഭയോടൊപ്പം ചിന്തിച്ച്, സഭയായി പരിണമിക്കുന്ന രഹസ്യമാണ് 'മെസ് ആലാഹാനൂസാ'. ചുരുക്കത്തിൽ, സുറിയാനി സഭയുടെ ആത്മീയ ദർശനമനുസരിച്ച് സഭാത്മകജീവിതമാണു ദൈവീകരണം. ദൈവം നമുക്കു നൽകിയ ദൈവത്തിന്റെ ശക്തിയാലാണ് (പരിശുദ്ധ റൂഹായാൽ) ഇതു യാഥാർഥ്യമാകുന്നത്. അതിനാൽ, പൗരസ്ത്യസഭകളുടെ ആധ്യാത്മികത പരിശുദ്ധ റൂഹാ കേന്ദ്രീകൃതവും പരിശുദ്ധ റൂഹായാൽ നയിക്കപ്പെടുന്ന ആരാധനക്രമ ആധ്യാത്മികതയുമാണ്.

ഈ വർഷം ജൂൺ 8-നു പന്തക്കുസ്താ തിരുനാളിലാരംഭിക്കുന്ന ശ്ലീഹാക്കാലത്തിൽ പ്രത്യേകമായും, തുടർന്നുള്ള ആരാധനക്രമവത്സരകാലങ്ങളിലും പരിശുദ്ധ റൂഹായാൽ നയിക്കപ്പെട്ട്, പരിശുദ്ധ റൂഹായിൽ അധിഷ്ഠിതമായ ആരാധനക്രമ ആധ്യാത്മികതയുടെ ഉന്നതസോപാനങ്ങൾ കയറുവാൻ നമുക്കു പരിശ്രമിക്കാം. ജൂബിലിയുടെയും ആധ്യാത്മികതാവർഷാചരണത്തിന്റെയും പകുതി പിന്നിടുന്ന നമുക്ക്, തുടർന്നുള്ള ദിവസങ്ങളിൽ കൂടുതൽ തീക്ഷ്ണമായും ആത്മാർത്ഥമായും ഈ ആചരണങ്ങളുടെ ലക്ഷ്യങ്ങൾ നേടുവാൻ പരിശ്രമിക്കാം. ആധ്യാത്മികതാവർഷാചരണത്തിന്റെ ആരംഭത്തിൽ നമ്മൾ മുന്നോട്ടുവച്ച ലക്ഷ്യങ്ങളും അവയുടെ പ്രാധാന്യവും ഒരിക്കൽക്കൂടി നിങ്ങളെ അനുസ്മരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ ആത്മീയജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായി പൗരസ്ത്യ കത്തോലിക്കാ പാരമ്പര്യം ഊന്നൽ നൽകുന്ന 4 ഘടകങ്ങളെ അടിസ്ഥാനമാക്കി നമ്മുടെ ആദ്ധ്യാത്മികതാവർഷാചരണം നമുക്കു ജീവിതബന്ധിയാക്കാം.

### 1. ദൈവത്തിന്റെ രക്ഷാകര രഹസ്യങ്ങളോടുള്ള സുദൃഢവും എളിമയുള്ളതുമായ ആദരവ്:

തന്റെ പ്രവൃത്തികളിലൂടെ ഇന്നും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ദൈവത്തെ വിശുദ്ധഗ്രന്ഥ പാരായണത്തിലൂടെ അനുദിനം കണ്ടുമുട്ടുവാൻ നമുക്കു സാധിക്കണം. നമ്മുടെ ആരാധനാവത്സര കലണ്ടറിൽ ഓരോ ദിവസത്തെയും വിശുദ്ധ കുർബാനയിൽ വായിക്കാനായി നല്കപ്പെട്ടിരിക്കുന്ന വിശുദ്ധ ഗ്രന്ഥ ഭാഗങ്ങൾ നമ്മുടെ കുടുംബപ്രാർത്ഥനയുടെ അവസരത്തിൽ ഭവനങ്ങളിൽ വായിച്ചു ധ്യാനിക്കുന്ന ശീലം നാം വളർത്തിയെടുക്കണം. 2024 ഡിസംബർ 18 - മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾദിനത്തിൽ നമ്മൾ ആരംഭിച്ച്, അനുദിനം തുടർന്നുവരുന്ന അഖണ്ഡ ബൈബിൾ പാരായണത്തിലും രാത്രിനമസ്കാരമായ ലെലിയായിലും (എല്ലാ ദിവസവും രാത്രി 8.20 മുതൽ സൂം പ്ലാറ്റ്ഫോമിൽ) പങ്കുചേരുവാൻ എല്ലാവരെയും ക്ഷണിക്കുന്നു. "നമ്മുടെ പാദങ്ങൾക്കു വിളക്കും നമ്മുടെ വഴികളിൽ പ്രകാശവുമായ ദൈവവചന (സങ്കീ. 119:105) പാരായണവും ലെലിയ പ്രാർത്ഥനയും വ്യക്തിപരമായും കുടുംബം ഒന്നുചേർന്നുമുള്ള ഒരു ദിനചര്യയാക്കി മാറ്റുവാൻ എല്ലാവരെയും ഞാൻ ഉദ്ബോധിപ്പിക്കുന്നു.

ചെറിയ ബൈബിൾ വാക്യങ്ങളും ചെറിയ വിശ്വാസ സംക്ഷേപങ്ങളും പ്രാർത്ഥനകളായി നിരന്തരം ഉരുവിട്ടുകൊണ്ട് ദൈവസാന്നിധ്യം എല്ലായ്പ്പോഴും അനുഭവിക്കുകയും പ്രലോഭനങ്ങളെ അതിജീവിക്കുകയും, ദൈവൈക്യത്തിൽ ജീവിക്കുകയും ചെയ്യുന്ന ആദ്ധ്യാത്മികജീവിതശൈലി പൗരസ്ത്യസഭകളുടെ ഒരു പ്രത്യേകതയാണ്. അനിർവചനീയമായ അനുഗ്രഹങ്ങളുടെ ഉറവിടമായ ഈ പ്രാർത്ഥനാശൈലി നമുക്കും സ്വന്തമാക്കുന്നതിനായി 33 സുകൃതജപങ്ങളുടെ (33 Aspirations) ഒരു സമാഹാരം നമ്മുടെ എല്ലാ കുടുംബങ്ങൾക്കും, പ്രത്യേകമായി കുട്ടികൾക്കും യുവജനങ്ങൾക്കുമായി നൽകുകയാണ്. നിങ്ങൾക്ക് ഏറ്റവും ഹൃദയസ്പർശിയായി അനുഭവപ്പെടുന്ന അതിലെ ഒരു പ്രാർത്ഥന തിരഞ്ഞെടുത്ത്, നിരന്തരം ഹൃദയത്തിൽ ഉരുവിട്ട്, മനനം ചെയ്ത്, ജീവിതം മുഴുവൻ ഒരു പ്രാർത്ഥനയാക്കുവാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

### 2. ദൈവീകരണത്തിനായി നിരന്തരം പരിശ്രമിക്കുക:

യാമപ്രാർത്ഥനകളിലും കൃപാവരത്തിന്റെ അനശ്വര ഉറവിടങ്ങളായ വിശുദ്ധ കൂദാശകളുടെ അടുക്കലടുക്കലുള്ള സ്വീകരണത്തിലും പ്രത്യേകിച്ച് വിശുദ്ധ കുർബാനയിലുള്ള പങ്കുചേരൽ, കുമ്പസാരമെന്ന കൂദാശയുടെ സ്വീകരണം, വിവാഹമെന്ന കൂദാശയുടെ നൈർമല്യത്തിൽ ജീവിക്കുന്നതിനുള്ള തീക്ഷ്ണത എന്നിവയിലും ഒരു കുറവുമുണ്ടാകരുതെന്ന് ഒരിക്കൽക്കൂടി ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. വിശുദ്ധ കൂദാശകൾ വഴിയാണ് മിശിഹായാകുന്ന തായ്ത്തണ്ടിനോട് നമ്മൾ കൂട്ടിച്ചേർക്കപ്പെടുന്നതും ദൈവിക ജീവൻ നമ്മളിലേക്ക് ഒഴുക്കപ്പെടുന്നതും (തിരുസഭ 11).

നമ്മുടെ എപ്പാർക്കിയിലെ ദൈവജനത്തെ നമ്മുടെ സഭയുടെ പൗരസ്ത്യസുറിയാനി ആധ്യാത്മികത യിലധിഷ്ഠിതമായ ആധ്യാത്മികജീവിതശൈലിയിൽ ദൈവീകരണത്തിനു സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ഉർഹ 2025: എപ്പാർക്കിയൽ ആധ്യാത്മികതാ കുടുംബകിസ്' വിഭാവനം ചെയ്തിട്ടുള്ളത്. നമ്മുടെ സഭയുടെ ആധ്യാത്മികതയെക്കുറിച്ച് കൂടുതൽ പഠിക്കുവാനും ജീവിതത്തിൽ പ്രാവർത്തികമാക്കുവാനുമുള്ള ഈ പരിശ്രമത്തിൽ പങ്കുചേരുവാൻ എല്ലാവരേയും ഞാൻ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു.

### 3. ആരാധനക്രമത്തിലുള്ള പങ്കുചേരൽ, കുടുംബക്കൂട്ടായ്മ, ഭക്ത സംഘടനകൾ, സാമൂഹ്യ സേവനം എന്നിവയിലൂടെയുള്ള സമൂഹ (പരസ്യ) ജീവിതം:

മാർ യോഹന്നാൻ ക്രിസോസ്റ്റം പഠിപ്പിക്കുന്നു: "സഭയിൽ വിവിധ അംഗങ്ങളുണ്ടെങ്കിലും, ഇവർ ചേർന്ന് ഒരു ശരീരമായിത്തീരുന്നു." മിശിഹായുമായുള്ള നമ്മുടെ ഐക്യം നമ്മൾ അനുഭവിക്കുന്നത്, സഭയായി നമ്മൾ സമ്മേളിക്കുന്ന (1 കോറി 11:18) വിശുദ്ധ കുർബാനയർപ്പണത്തിന്റെയും കുടുംബക്കൂട്ടായ്മാ സമ്മേളനങ്ങളുടെയും അവസരങ്ങളിലും, സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളായ യാമശുശ്രൂഷകളിൽ പങ്കുചേരുമ്പോഴുമാണ്. അതിനാൽ, ഈ ആധ്യാത്മികതാവർഷത്തിൽ വിശുദ്ധ കുർബാനയർപ്പണത്തിലും കുടുംബ കൂട്ടായ്മകളിലും സജീവമായി പങ്കുചേർന്ന്, ഒരു സമൂഹമായി, സഭയോട് ഒന്നുചേർന്ന് മിശിഹായോട് ഐക്യപ്പെടുവാൻ നമുക്ക് പരിശ്രമിക്കാം.

നമ്മുടെ ക്രൈസ്തവ അസ്തിത്വത്തിന്റെ പരിശീലനക്കളരിയായ ജീവകാരുണ്യപ്രവൃത്തികളിലൂടെ നമ്മുടെ വിശ്വാസം പ്രകാശിതമാക്കാൻ നമ്മുടെ ഭക്തസംഘടനാ പ്രവർത്തനങ്ങൾ സഹായിക്കുന്നു. അതിനാൽ, മുതിർന്നവർക്കുള്ള മെൻസ് ഫോറം, വിമൻസ് ഫോറം, യുവജനങ്ങൾക്കുള്ള SMYM, കുട്ടികൾക്കുള്ള

ചെറുപുഷ്പ മിഷൻലീഗ്, സാവിയോ ഫ്രണ്ട്സ് മുതലായ നമ്മുടെ ഭക്തസംഘടനകളിലും എല്ലാവരും ഈ ആദ്ധ്യാത്മികതാവർഷത്തിൽ സജീവമായി പങ്കുചേരണം.

പൗരസ്ത്യ സഭാപിതാക്കന്മാർ ക്രിസ്തീയ ജീവിതത്തെ ഒരു തീർത്ഥാടനത്തോടു പലപ്പോഴും ഉപമിച്ചിട്ടുണ്ട്. തീർത്ഥാടനങ്ങൾക്ക് നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൽ സുപ്രധാനമായ സ്ഥാനമുണ്ടാകണം. മൈലാപ്പൂരിലേക്കും ജൂബിലി വർഷത്തോടനുബന്ധിച്ചു തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പ്രെസ്റ്റണിലെ നമ്മുടെ മർത്ത് അൽഫോൻസാ കത്തീഡ്രലിലേക്കും ഇതര പുണ്യസ്ഥലങ്ങളിലേക്കും തീർത്ഥാടനങ്ങൾ നടത്തുവാൻ നാം തയ്യാറാകണം. 2025 ജൂലൈ 19-നു നമ്മുടെ എപ്പാർക്കിയുടെ നേതൃത്വത്തിൽ നടത്തുന്ന വാൽസിംഗ്ഹാം തീർത്ഥാടനത്തിലും സാധിക്കുന്നവരെല്ലാം പങ്കുചേർന്ന് നമ്മുടെ ആദ്ധ്യാത്മികജീവിതം പരിപോഷി പ്പിക്കുന്നതിന് പരിശ്രമിക്കുമല്ലോ.

**4. പ്രാർത്ഥന, ഉപവാസം, പങ്കുവയ്ക്കൽ എന്നിവയുടെ ഒരു രഹസ്യ ജീവിതം:**

നമ്മുടെ ആധ്യാത്മികവളർച്ചയുടെ സുപ്രധാനമായ മറ്റൊരു തലമാണ് പ്രാർത്ഥനയുടെയും പഠനത്തിന്റേയും ഉപവാസത്തിൻറെയും പങ്കുവയ്ക്കലിന്റേതുമായ ജീവിതശൈലി. പുണ്യങ്ങളിൽ വളരുവാനും, തിന്മകളെ അകറ്റുവാനും, ദൈവത്തോട് അടുക്കുവാനും ഇവ നമ്മെ സഹായിക്കുന്നു. ക്രൈസ്തവവിശ്വാസ ത്തെയും ആധ്യാത്മികതയെയും പരിപോഷിപ്പിക്കുന്ന നല്ല ആധ്യാത്മികഗ്രന്ഥങ്ങൾ വായിക്കുവാനും നാം സമയം കണ്ടെത്തണം. കാരണം, മാർ യോഹന്നാൻ ക്രിസോസ്തോം പറയുന്നതുപോലെ, "നിങ്ങളുടെ മനസ്സും ഹൃദയവും ആത്മീയപുസ്തകങ്ങളിൽ മുഴുകുമ്പോൾ, നിങ്ങൾ എപ്പോഴും സംതൃപ്തരായിരിക്കും, കാരണം ആത്മീയ വായന നിങ്ങൾക്കു ദൈവത്തിൽ ഒരു അടിത്തറ നൽകുന്നു." അതിനാൽ സാധിക്കുന്ന സ്ഥലങ്ങളിലെല്ലാം ആത്മീയഗ്രന്ഥങ്ങളുടെ ലൈബ്രറി ഒരുക്കുവാനും അധ്യാത്മിക ഗ്രന്ഥവായന പ്രോത്സാഹിപ്പിക്കുവാനും ഈ വർഷം പരിശ്രമിക്കണം.

സഭയോടൊന്നിച്ചും വ്യക്തിപരമായും പ്രാർത്ഥിക്കുവാനും, തിരുസഭ നിഷ്കർഷിക്കുന്ന ദിവസങ്ങളിൽ നിർബന്ധമായും ഉപവസിക്കുവാനും നമ്മുടെ പൂർവ്വികർ നമുക്കു കൈമാറിത്തന്ന വിശുദ്ധ നോമ്പുകൾ അനുഷ്ഠിക്കുവാനും, കുഞ്ഞുങ്ങളെ അവ പരിശീലിപ്പിക്കുവാനും വെള്ളിയാഴ്ചകളിൽ മാംസവർജ്ജനം പാലിക്കുവാനും നമുക്ക് സാധിക്കണം. ദൈവം ദാനമായി നമ്മെ അനുഗ്രഹിച്ചിരിക്കുന്നവയിൽ അഗതികളെയും അശരണരെയും പങ്കുചേർക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ നമ്മുടെ ജീവിതശൈലിയാക്കി മാറ്റാം. അങ്ങനെ സുറിയാനി ക്രിസ്ത്യാനികളുടെ മുഖമുദ്രയായ താപസ ജീവിതശൈലി നമുക്കും പിന്തുടരുകയും വരും തലമുറകൾക്ക് അതു പകർന്നുനല്കുകയും ചെയ്യാം.

നമ്മുടെ ആത്മീയജീവിതത്തിന്റെ ലക്ഷ്യം പാപത്തിൽനിന്ന് 'രക്ഷിക്കപ്പെടുക' മാത്രമല്ല, മറിച്ച് ഇഹലോകത്തിൽവച്ചുതന്നെ "ദൈവസ്വഭാവത്തിൽ പങ്കാളികളായി" (2 പത്രോസ് 1:4) സ്വർഗീയ ജീവിതത്തിന്റ മുന്നാസ്വാദനം അനുഭവിച്ച്, മിശിഹായിൽ ജീവിക്കുക എന്നതാണ്. അനുദിനം തിരുസ്സഭയോടുചേന്ന് ഈ ദൈവികസ്വഭാവത്തിൽ വളർന്നു ദൈവീകരാകുവാൻ ഈ ആധ്യാത്മിക വർഷാചരണം നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും, ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്

+ Joseph Srampickal

യൗസേപ്പ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടനിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2025 ജൂൺ 8-നു വായിക്കേണ്ടതാണ് (അന്നു വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്).